കണ്ണടച്ച് കൈകൂപ്പി, അമ്മേ, മഹാമായേ..!

പൊങ്കാല അർപ്പിക്കുന്നതിനിടെ പ്രാർത്ഥനാ നിരതയായ ഭക്ത

എൻ.പി. മുരളീകൃഷ്ണൻ

തിരുവനന്തപുരം: സർവദുരിതവും മാറ്റി അനുഗ്രഹം ചൊരിയേണമേ, ദുഷ്ടിദോഷവും വിളിദോഷവും ശാപദോഷവും മാറ്റിത്തരണമേ എന്നു മനമുരുകി പ്രാർത്ഥിച്ച് ആറ്റുകാലമ്മയ്ക്ക് പൊങ്കാല അർപ്പിച്ച് ആത്മനിർവൃതിയോടെ ഭക്തലക്ഷങ്ങൾ മടങ്ങി.

കുംഭച്ചൂടേറ്റ് പൊള്ളിയ നിലത്ത് അടുപ്പുകൂട്ടി തീകത്തിച്ച് പൊങ്കാലക്കലങ്ങളിൽ ഉണക്കലരി, നാളികേരം, ശർക്കര, ചെറുപഴം, തേൻ, നെയ്യ്, പഞ്ചസാര, കൽക്കണ്ടം, ഉണക്കമുന്തിരി, ചെറുപയർ, കശുഅണ്ടിപരിപ്പ്, എള്ള് എന്നിങ്ങനെ ദ്രവ്യങ്ങൾ തിളച്ചുതൂകിയപ്പോൾ വരാനിരിക്കുന്ന അഭിവൃദ്ധിയുടെ സായൂജ്യം അനുഭവിച്ച സംതൃപ്തിയോടെ ആറ്റുകാലമ്മയെ കണ്ണടച്ച്കൈകൂപ്പിതൊഴുതു. ഒരാണ്ട് കാത്തിരുന്ന വ്രതത്തിന്റെ ആത്മസമർപ്പണം ഓരോ ഭക്തമനസിലും.

രാവിലെ 10.15ഓടെ തോറ്റംപാട്ടിലെ പാണ്ഡ്യരാജാവിനെ വധിക്കുന്ന ഭാഗം പാടിക്കഴിഞ്ഞയുടൻ ശ്രീകോവിലിൽ നിന്ന് തന്ത്രി തെക്കേടത്തു പരമേശ്വരൻ വാസുദേവൻ ഭട്ടതിരിപ്പാട് ദീപം പകർന്ന് മേൽശാന്തി വിഷ്ണു നമ്പൂതിരിക്ക് കൈമാറി. മേൽശാന്തിക്ഷേത്രതിടപ്പള്ളിയിലെപൊങ്കാല അടുപ്പിൽ തീ പകർന്നശേഷം ദീപം സഹമേൽശാന്തി കേശവൻ നമ്പൂതിരിക്ക് കൈമാറി. തുടർന്ന് പാട്ടുപുരയ്ക്ക് മുന്നിലെ പണ്ടാര അടുപ്പിൽ തീപകർന്നു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ശശി തരൂർ എംപി, എം.എൽ.എമാരായ കെ. മുരളീധരൻ, വി.എസ്. ശിവകുമാർ, ഒ. രാജഗോപാൽ, മേയർ വി.കെ. പ്രശാന്ത്, കളക്ടർ ഡോ. കെ. വാസുകി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഇതിനുശേഷം ഭക്തർക്ക് അടുപ്പുകത്തിക്കാനുള്ള അറിയിപ്പായി ചെണ്ടമേളവുംവായ്ക്കുരവയുമുണർന്നു. ഇതോടെ ഭക്തലക്ഷങ്ങളുടെകാത്തിരിപ്പിന്വിരാമമിട്ട്പൊങ്കാലയ്ക്ക് തുടക്കമായി. ഉച്ചയ്ക്ക് 2.15ന് പൂജാരിമാർ തീർത്ഥജലം തെളിച്ചതോടെ തങ്ങളുടെ നിവേദ്യം ആറ്റുകാലമ്മ സ്വീകരിച്ച സംതൃപ്തിയുമായി മടക്കം.

കൂടുതൽ അടുപ്പ് ക്ഷേത്ര പരിസരത്ത്

നാനാദേശങ്ങളിൽ നിന്ന് ലക്ഷക്കണക്കിന് ഭക്തരാണ് പൊങ്കാല അർപ്പിക്കാൻ അനന്തപുരിയിലെത്തിയത്. പൊങ്കാല അർപ്പിക്കുന്നതിനു മുൻപ് അമ്മയെ കാണാൻ നിരവധിപേർ പുലർച്ചെ മുതൽ ക്ഷേത്രത്തിലേക്ക് എത്തി. മണിക്കൂറുകൾ കാത്തുനിന്ന ശേഷമാണ് പലർക്കും ദേവീദർശനം സാദ്ധ്യമായത്. ക്ഷേത്രത്തിന്റെ അഞ്ചര കിലോമീറ്റർ ചുറ്റളവിൽ പൊങ്കാല അടുപ്പുകൾ നിരന്നു. ക്ഷേത്രമൈതാനത്തായിരുന്നു കൂടുതൽ അടുപ്പുകൾ നിരന്നത്. ആറ്റുകാൽ, മണക്കാട്, കമലേശ്വരം, ഐരാണിമുട്ടം, ബണ്ട് റോഡ്, കാലടി, കരമന, കിള്ളിപ്പാലം, ശ്രീപദ്മനാഭസ്വാമി ക്ഷേത്ര പരിസരം, പഴവങ്ങാടി ക്ഷേത്രം, കിഴക്കേകോട്ട, തമ്പാനൂർ, ഓവർബ്രിഡ്ജ്, ആയുർവേദ കോളേജ് ജംഗ്ഷൻ എന്നിവിടങ്ങളിലാണ് കൂടുതൽ പേർ പൊങ്കാലയിട്ടത്. സ്റ്റാച്യു സ്പെൻസർ, പാളയം, ബേക്കറി, പനവിള എന്നിവിടങ്ങളിൽ പതിവിലും ആളുകുറവായിരുന്നു. ബൈപാസിലും നഗരത്തിലെമറ്റ് ഇടറോഡുകളിലും പൊങ്കാലയടുപ്പുകൾ നിരന്നു. നിരവധിപേർ സൗകര്യത്തിനനുസരിച്ച് സ്വന്തം വീട്ടുകൾക്കു മുന്നിലും ബന്ധുവീടുകളിലും പൊങ്കാലയിട്ടു. അട്ടക്കുളങ്ങര വനിതാ ജയിലിനുള്ളിൽ മൂന്ന് അന്തേവാസികളും ജയിൽ ജീവനക്കാരും ഉൾപ്പെടെ ഇരുപത്തിയഞ്ചോളം പേർ പൊങ്കാലയിട്ടു. ജയിൽ അന്തേവാസികളിൽ 59 പേർക്കായാണ് മൂന്നുപേർ ആറ്റുകാലമ്മയുടെ പുണ്യം തേടി പൊങ്കാല സമർപ്പിച്ചത്. ജയിൽ വളപ്പിനുള്ളിൽപൊങ്കാലയ്ക്ക് എത്തിയവർക്ക് ജയിൽ അധികൃതർ പാനീയങ്ങളും ഉച്ചഭക്ഷണവും വിതരണം ചെയ്തു. ട്രാൻസ്ജെൻഡറുകൾ സ്റ്റാച്യു ആയുർവേദ കോളേജ്, കൈതമുക്ക് എന്നിവിടങ്ങളിലായി പൊങ്കാലയിട്ടു. സെക്രട്ടേറിയറ്റ് പടിക്കലും കിഴക്കേകോട്ടയിലും വിവിധ പ്രതിഷേധ പൊങ്കാലകളും നിരന്നു.

ഗുരുതിയോടെ ഇന്ന് സമാപനം

ദേവിയുടെ പുറത്തെഴുന്നള്ളത്തിന് മുന്നോടിയായുള്ള കുത്തിയോട്ട വ്രതക്കാർക്കുള്ള ചൂരൽക്കുത്ത് ഇന്നലെ വൈകിട്ട് ഏഴിന് ആരംഭിച്ചു.

ഇതിനു പിന്നാലെ മണക്കാട് ശാസ്താ ക്ഷേത്രത്തിലേക്ക് ദേവിയെ എഴുന്നള്ളിച്ചു. 815 ബാലന്മാരാണ് കുത്തിയോട്ട വ്രതത്തിൽ പങ്കെടുക്കുന്നത്. ഇന്ന് ചൂരൽ ഇളക്കുന്നതോടെ കുത്തിയോട്ട വ്രതം അവസാനിക്കും. രാത്രി 9.15ന് കാപ്പഴിച്ച് കുടിയിളക്കിയ ശേഷം 12.15ന് നടത്തുന്ന കുരുതി തർപ്പണത്തോടെ ഈ വർഷത്തെ ഉത്സവത്തിന് സമാപനമാകും.

പൊങ്കാല അർപ്പിച്ചശേഷം മടങ്ങുന്ന ഭക്തർ. തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നിന്നുള്ള ദൃശ്യം

പൊങ്കാല അർപ്പിക്കാനെത്തിയ കൊല്ലം ഡി.സി.സി. പ്രസിഡന്റ് ബിന്ദു കൃഷ്ണ

നടിമാരായ കൃഷ്ണപ്രഭയും കലാഭവൻ സരിഗയും പൊങ്കാലയർപ്പിക്കുന്നു

കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർപേഴ്സൺ ഡോ. എം. ബീന പൊങ്കാലയർപ്പിക്കുന്നു

പൊങ്കാലപ്പുണ്യം നുകർന്ന് ഗവർണറുടെ ഭാര്യയും നടിമാരും

തിരുവനന്തപുരം: ആറ്റുകാൽ പൊങ്കാലയുടെ പുണ്യം നുകർന്ന് ആത്മനിർവൃതി നേടാൻ പതിവ് തെറ്റിക്കാതെ വി.ഐ.പികളുടെ ഭാര്യമാരും നടിമാരുമെത്തി. ഗവർണർ പി. സദാശിവത്തിന്റെ ഭാര്യ സരസ്വതി സദാശിവം ആറ്റുകാൽ ക്ഷേത്ര വളപ്പിൽ പൊങ്കാലയിട്ടു. ക്ഷേത്രമുറ്റത്തെ ആദ്യ പൊങ്കാലക്കലം ഗവർണറുടെ പത്നിയുടേതായിരുന്നു.

ഇത് നാലാം തവണയാണ് സരസ്വതി സദാശിവം ആറ്റുകാലമ്മയ്ക്ക് പൊങ്കാലയർപ്പിക്കുന്നത്. നവംബറിൽ പി. സദാശിവം ഗവർണർ സ്ഥാനം ഒഴിഞ്ഞാലും ഇനിയും പൊങ്കാലയ്ക്കെത്തുമെന്ന് അവർ പറഞ്ഞു. ഡി.ജി.പി ലോക്നാഥ് ബെഹ്റയുടെ ഭാര്യ മധുമിത വഴുതക്കാട് പൊലീസ് ഹെഡ്ക്വാർട്ടേഴ്സിന് മുന്നിലാണ് പൊങ്കാലയർപ്പിച്ചത്.

ഓരോ വർഷം കഴിയും തോറും ആറ്റുകാലമ്മയോടുള്ള ഭക്തി കൂടി വരുന്നതായി മധുമിത പറഞ്ഞു. ഐ.ജി പി. വിജയന്റെ ഭാര്യ ബീനഐ.എ.എസും ആറ്റുകാൽക്ഷേത്രത്തിലാണ് പൊങ്കാലയിട്ടത്.

നടിമാരായ ചിപ്പി, സീമ ജി. നായർ, മുൻകാല നടി ജലജ, മകൾ ദേവി, നടി കൃഷ്ണപ്രഭ, സീരിയൽ താരങ്ങളായ സിന്ധു, കലാഭവൻ സരിക എന്നിവർ ക്ഷേത്രത്തിന് സമീപത്തെ ഗൗരിവന്ദനം ഹോട്ടൽ വളപ്പിൽ പൊങ്കാല അർപ്പിച്ചു.

മറ്റൊരു സീരിയൽ നടി വിജയകുമാരി ഹോട്ടൽ പങ്കജിന് മുന്നിലും പൊങ്കാലയർപ്പിച്ചു. കെ.പി.സി.സി മുൻ പ്രസിഡന്റ് വി.എം. സുധീരന്റെ ഭാര്യ ലത, എം.കെ. രാഘവൻ എം.പിയുടെ ഭാര്യ ഉഷ, എ.ഐ.സി.സി അംഗം ദീപ്തി മേരി വർഗീസ് എന്നിവർ കെ.പി.സി.സി സെക്രട്ടറി മണക്കാട് സുരേഷിന്റെ വീടിന് മുന്നിൽ പൊങ്കാലയിട്ടു.

കൊല്ലം ഡി. സി. സി പ്രസിഡന്റ് ബിന്ദു കൃഷ്ണ തമ്പാനൂർ അയ്യപ്പ ക്ഷേത്രത്തിന് മുന്നിലാണ് പൊങ്കാലയിട്ടത്.

പൊങ്കാല അർപ്പിക്കുന്ന ഗവർണറുടെ ഭാര്യ സരസ്വതി സദാശിവം

സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബഹ്റയുടെ ഭാര്യ മധുമിത ബഹ്റ പൊങ്കാല ഇടുന്നു

മികച്ച സേവനമൊരുക്കി കെ.എസ്.ആർ.ടി.സി

തിരുവനന്തപുരം: ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് കെ.എസ്.ആർ.ടി.സി മികച്ച ക്രമീകരണമൊരുക്കിയപ്പോൾ അത് വിവിധ സ്ഥലങ്ങളിൽ നിന്നെത്തിയവർക്ക് ആശ്വാസമായി.

പൊങ്കാല നിവേദ്യത്തിനു ശേഷം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നിശ്ചയിച്ച പ്രകാരം തന്നെ യഥാസമയം ബസുകൾ പുറപ്പെട്ടതോടെ ഒന്നര മണിക്കൂറിനകം നഗരം തിരക്കൊഴിഞ്ഞ് സാധാരണ നിലയിലായി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നും ഭക്തജനങ്ങൾക്ക് പൊങ്കാലയ്ക്കായി എത്തിച്ചേരുന്നതിനുള്ള ബസുകൾ മുൻകൂട്ടി ക്രമീകരിച്ചിരുന്നു. കിഴക്കേകോട്ട, കമലേശ്വരം, കവടിയാർ, ഫോർട്ട് ഹൈസ്കൂൾ, മരുതൂർക്കടവ്, അമ്പലത്തറ, വെള്ളയമ്പലം, പി എംജി, സ്റ്റാച്യൂ പാളയം, വഴുതക്കാട്, തിരുവനന്തപുരം സെൻട്രൽ ഡിപ്പോ, ലാ കോളേജ് ജംഗ്ഷൻ, ഫോർട്ട് ഹൈസ്കൂൾ, കിള്ളിപ്പാലം, കരമന, മരുതൂർകടവ്, ബേക്കറി ജംഗ്ഷൻ, മോഡൽ ഹൈസ്കൂൾ ജംഗ്ഷൻ, പാറ്റൂർ, ഉപ്പിലാമൂട് തുടങ്ങിയ പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സർവീസ് നടത്തുന്നതിനായി 50 ഓഫീസർമാരടക്കം 800ലധികം ജീവനക്കാരെ വിന്യസിച്ചിരുന്നു. പൊങ്കാല നിവേദ്യം കഴിഞ്ഞതിനു ശേഷം നെയ്യാറ്റിൻകര, ഊരൂട്ടമ്പലം, കാട്ടാക്കട ഭാഗത്തേക്കുള്ള ബസുകൾ കിള്ളിപ്പാലം, മരുതൂർക്കടവ് എന്നിവിടങ്ങളിൽനിന്നും തിരുവല്ലം, വിഴിഞ്ഞം ഭാഗങ്ങളിലേക്കുള്ള ബസുകൾ കമലേശ്വരത്തു നിന്നും പേരൂർക്കട, നെടുമങ്ങാട് ഭാഗത്തേക്കുള്ള ബസുകൾ കിഴക്കേകോട്ട നോർത്ത് സ്റ്റാൻഡിൽനിന്നും എം.സി റോഡ് വഴികൊട്ടാരക്കരയ്ക്കും നാഷണൽ ഹൈവേ വഴി കൊല്ലം ഭാഗത്തേക്കും പോകുന്ന ബസുകൾ തിരുവനന്തപുരം സെൻട്രൽ ഡിപ്പോ, പനവിള. പി.എം.ജി എന്നിവിടങ്ങളിൽനിന്നുമാണ് ഇന്നലെ സർവീസ് നടത്തിയത്.

കുമ്പകിൻകോട് വിശുദ്ധ അന്തോണീസ് ദേവാലയത്തിലെ തീർത്ഥാടന തിരുനാളിന് ഇടവക വികാരി ഫാ. ജോയി മത്യാസ് കൊടിയേറ്റുന്നു

കുമ്പകിൻകോട് വിശുദ്ധ അന്തോണീസ് ദേവാലയ തീർത്ഥാടന തിരുനാളിന് തുടക്കം

നെയ്യാറ്റിൻകര: വിശുദ്ധ അന്തോണീസ് ദേവാലയത്തിന്റെ തീർത്ഥാടന തിരുനാളിന് തുടക്കമായി. കൊച്ചപ്പള്ളിയിൽ നടന്ന തീർത്ഥാടന സമാരംഭ ദിവ്യബലിക്ക് തിരുവനന്തപുരം അതിരൂപത വികാരി ജനറൽ യൂജിൻ. എച്ച്. പെരേര മുഖ്യ കാർമ്മികത്വം വഹിച്ചു. പാളയം സെന്റ് ജോസഫ് കത്തീഡ്രൽ വികാരി നിക്കോളാസ് വചന സന്ദേശം നൽകി.

ഫാ. അജി അലോഷ്യസ്, ഫാ. തോമസ് ഈനോസ്, ഫാ. സുജേഷ്ദാസ്, ഫാ. പോൾ. വി. എൽ, ഇടവക വികാരി ഫാ. ജോയി മത്യാസ് തുടങ്ങിയവർ സഹകാർമ്മികരായി ദിവ്യബലിക്ക് ശേഷം യൂജിൻ. എച്ച്. പെരേര വിശുദ്ധ അന്തോണീസിന്റെ തിരുസ്വരൂപത്തിൽ കിരീടം ചാർത്തൽ ശുശ്രൂഷക്ക് നേതൃത്വം നൽകി. 10 ന് നടന്ന സമൂഹദിവ്യബലിക്ക് ഫാ. സാബു ക്രിസ്റ്റി മുഖ്യകാർമ്മികത്വം വഹിച്ചു. ഡോ. ഡൈസൻ യേശുദാസ് വചനം പങ്കുവച്ചു. വൈകിട്ട് 3ന് ഇടവക വികാരി ഫാ. ജോയി മത്യാസ് വിശുദ്ധ അന്തോണീസിന്റെ തിരുസ്വരൂപം ആശീർവദിച്ചു. തുടർന്ന് വലിയപള്ളിയിലേക്ക് തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം നടന്നു. രാത്രി 11ന് ഇടവക വികാരി ഫാ. ജോയി മത്യാസ് തീർത്ഥാടന തിരുനാളിന് കൊടിയേറ്റി.

തിരുനാൾ ദിനങ്ങളിൽ മലങ്കരകത്തോലിക്കാ സഭാപരമാധ്യക്ഷൻ കർദിനാൾ മാർ ബസേലിയോസ് ക്ലിമിസ് കാതോലിക്കാ ബാവ, നെയ്യാറ്റിൻകര രൂപതാ മെത്രാൻ ഡോ. വിൻസെന്റ് സാമുവൽ, പത്തനംതിട്ട രൂപത മെത്രാൻ ഡോ. സാമുവൽ മാർ ഐറേനിയോസ്, പാറശാല രൂപത മെത്രാൻ ഡോ. തോമസ് മാർ യൗസേബിയോസ്, തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ ഡോ. ആർ. ക്രിസ്തുദാസ് തുടങ്ങിയവർ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകും.

മാർച്ച് 13ന് പൊന്തിഫിക്കൽ ദിവ്യബലിയോടെ തിരുനാൾ സമാപിക്കും. വിശുദ്ധ അന്തോണീസിന്റെ തിരുസ്വരൂപവും പാദുവയിൽ നിന്ന് എത്തിച്ച തിരുശേഷിപ്പും വണങ്ങുന്നതിനുള്ള പ്രത്യേക സൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് ഇടവക വികാരി ഫാ. ജോയി മത്യാസ് അറിയിച്ചു.

ചെങ്കൽ ക്ഷേത്രത്തിൽ അതിരുദ്ര മഹായജ്ഞം ഇന്ന് മുതൽ

പാറശാല: ചെങ്കൽ മഹേശ്വരം ശിവപാർവതി ക്ഷേത്രത്തിലെ രണ്ടാമത് അതിരുദ്ര മഹായജ്ഞത്തിന് ഇന്ന് തുടക്കമാകും. വീരമണി വാദ്യാരാണ് യജ്ഞാചാര്യൻ. ക്ഷേത്ര മാഠാധിപതി മഹേശ്വരാനന്ദസ്വാമിയുടെ നേതൃത്വത്തിലാണ് യജ്ഞം നടക്കുന്നത്. ഇന്ന് വൈകിട്ട് 6ന് നടക്കുന്ന സാംസ്കാരിക സമ്മേളനം പി.സി. ജോർജ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. ക്ഷേത്രത്തിലെ ശിവരാത്രി ഉത്സവത്തിന് 22ന് കൊടിയേറും. 24ന് ലക്ഷദീപം തെളിക്കും. മാർച്ച് രണ്ടിന് പള്ളിവേട്ട. മൂന്നിന് രാവിലെ 9.30ന് നടക്കുന്ന അതിരുദ്രയജ്ഞ സമാപനസമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. വൈകിട്ട് 3ന് ആറാട്ട് ഘോഷയാത്ര. നാലിന് ശിവരാത്രി ഉത്സവം നടക്കും. ഉച്ചയ്ക്ക് 12ന് നടക്കുന്ന മഹിളാ സമ്മേളനം മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം ചെയ്യും. വൈകിട്ട് 3.30ന് ശിവരാത്രി സമ്മേളനം ഉമ്മൻചാണ്ടിയും 5ന് നടക്കുന്ന സമാപന സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രനും ഉദ്ഘാടനം ചെയ്യും. പഞ്ചമുഖ ക്ഷേത്രങ്ങളിൽനിന്ന് ആരംഭിച്ച ജ്യോതി പ്രയാണവും അതിരുദ്ര യജ്ഞത്തിൽ സ്ഥാപിക്കാനുള്ള മഹാബലിപുരത്തുനിന്നുള്ള 108 ശിവലിംഗങ്ങളും ഇന്നലെ ക്ഷേത്രത്തിൽ എത്തിച്ചേർന്നു. വൈകിട്ട് മഹേശ്വരം ശിവപാർവതി ക്ഷേത്രത്തിലെത്തി യാത്ര സമാപിച്ചു. തുടർന്ന് നടന്ന അതിരുദ്രമഹാജ്ഞ സമ്മേളനം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിബായി ഉദ്ഘാടനം ചെയ്തു. കെ. ആൻസലൻ എം.എൽ.എ അദ്ധ്യക്ഷനായിരുന്നു. ക്ഷേത്ര മാഠാധിപതി സ്വാമി മഹേശ്വരാനന്ദ സരസ്വതി ഭദ്രദീപം തെളിച്ചു. സൂര്യകൃഷ്ണമൂർത്തി മുഖ്യപ്രഭാഷണം നടത്തി. എം. നന്ദകുമാർ, തെന്നല ബാലകൃഷ്ണപിള്ള, വി.എസ്. ശിവകുമാർ എം.എൽ.എ, ആർ. രാമചന്ദ്രൻനായർ, തുളസീദാസൻ നായർ, പ്രേംകുമാർ പള്ളിമംഗലം, രാജശേഖരൻനായർ തുടങ്ങിയവർ പങ്കെടുത്തു.

ചെങ്കൽ മഹേശ്വരം ശ്രീശിവപാർവതി ക്ഷേത്രത്തിലെ അതിരുദ്ര മഹായജ്ഞത്തിലേക്കുള്ള ദിവ്യജ്യോതിപ്രയാണം സ്വാമി മഹേശ്വരാനന്ദയുടെ നേതൃത്വത്തിൽ ക്ഷേത്ര പരിസരത്ത് എത്തിച്ചേർന്നപ്പോൾ

ശ്രീപണിമൂല ദേവീക്ഷേത്രത്തിലെ പ്രതിഷ്ഠാ വാർഷിക പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ പണിമൂല അമ്മ കാവ്യ പുരസ്കാരം കാവാലം ശ്രീകുമാറിന് ക്ഷേത്ര ട്രസ്റ്റ് സെക്രട്ടറി ആർ. ശിവൻകുട്ടി നായർ നൽകുന്നു. ശ്രീകുമാർ വാസുദേവൻ, എം.ആർ. ഗോപൻ, പകൽക്കുറി വിശ്വൻ, ട്രസ്റ്റ് ട്രഷറർ എ. രവീന്ദ്രൻനായർ, ചായം ധർമ്മരാജൻ, സുധാകരൻ ചന്തവിള, സന്തോഷ് തോന്നയ്ക്കൽ, ചാന്നാങ്കര ജയപ്രകാശ്, പണിമൂല ചന്ദ്രൻ, പണിമൂല അജിത്ത്, ഇടത്തറ ഭാസി, കെ. വിജയകുമാർ, നാരായണൻ നായർ തുടങ്ങിയവർ സമീപം

ഒന്നാം ചരമവാർഷികം (21.02.2019)

വി. മിനി
[(Principal, Govt. GHSS, Pirappancode]
കീർത്തി, ചെമ്പഴന്തി.
ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്
ഭർത്താവ്: ബാബുരാജ്.എൻ, മകൾ: മീര.ബി.രാജ്,
മറ്റ് ബന്ധുമിത്രാദികൾ